"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കോഴിക്കോട് ജില്ല - പന്തീരാങ്കാവ് ഹയർസെക്കന്ററി സ്കൂളിലെ റിട്ടയേർഡ് പ്രധാനാധ്യാപകൻ ശ്രീ. വസന്തൻ കെ. വി-യും മറ്റ് 5 അധ്യാപകരും ചേർന്ന് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള **27108/2023**-ാം നം. റിട്ട് ഹർജിയിന്മേലുള്ള **18.06.2025** ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.**8018/2025/GEDN** തീയതി,തിരുവനന്തപുരം, **06-10-2025**

---

പരാമർശം:-

1. കോഴിക്കോട് ജില്ലയിലെ പന്തീരാങ്കാവ് ഹയർസെക്കന്ററി സ്കൂളിലെ പ്രധാനാധ്യാപകൻ ശ്രീ. വസന്തൻ കെ. വി-സമർപ്പിച്ച **23/2/2021** ലെ എക്സിബിറ്റ് **P5** റിവിഷൻ പെറ്റീഷൻ.
2. കോഴിക്കോട് ജില്ലയിലെ പന്തീരാങ്കാവ് ഹയർസെക്കന്ററി സ്കൂളിലെ റിട്ടയേർഡ് പ്രധാനാധ്യാപകൻ ശ്രീ. വസന്തൻ കെ.വി-യും മറ്റ് **5** അധ്യാപകരും ചേർന്ന് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള **27108/2023** -ാം നം. റിട്ട് ഹർജിയിന്മേലുള്ള **18.06.2025** ലെ വിധിന്യായം.
3. മലബാർ മേഖലാ സൂപ്പർ ചെക്ക് സെൽ ഓഫീസറുടെ **4/8/2025** ലെ **SCCKKD/07/2025-A** നമ്പർ കത്ത്
4. കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ **5/8/2025** ലെ ഡിഡിഇ/ബി5/**7369/2023** നമ്പർ കത്ത്.
5. കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **5/8/2025** ലെ **DEOKKD/1359/2023-B5(1)** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ പന്തീരാങ്കാവ് ഹയർസെക്കന്ററി സ്കൂളിലെ റിട്ടയേർഡ് പ്രധാനാധ്യാപകൻ ശ്രീ. വസന്തൻ കെ.വി-യും മറ്റ് **5** അധ്യാപകരും ചേർന്ന് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള **27108/2023** -ാം നം. റിട്ട് ഹർജിയിന്മേലുള്ള **18.06.2025** ലെ വിധിന്യായ പ്രകാരം **1**-ാം ഹർജിക്കാരന് ഹിയറിംഗിനുള്ള അവസരം നൽകി ടിയാൻ സമർപ്പിച്ച എക്സിബിറ്റ് **P5** റിവിഷൻ

പെറ്റീഷൻ പുതുതായി പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ചുമതലപ്പെടുത്തിയ പ്രകാരം പെറ്റീഷണർമാർ (6ാം പെറ്റീഷണറായ ശ്രീമതി. ഗീതാകുമാരി. ജെ ഒഴികെ) ,മാനേജർ, പെറ്റീഷണറായ മനോജ്, വിഷയവുമായി ബന്ധപ്പെട്ട അധ്യാപികയായ അമൃത.കെ.ആർ, വിദ്യാഭ്യാസ അധികൃതർ എന്നിവരെ 8.08.2025 ൽ ഗൂഗിൽ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

(2) 1-ാം പെറ്റീഷണറായ പ്രധാനാധ്യാപകൻ സമർപ്പിച്ച Exhibit P5 റിവിഷൻ പെറ്റീഷന്റെ സംഗ്രഹവും ഹിയറിംഗ് വേളയിൽ പെറ്റീഷണർമാരുടെ പ്രതിനിധി ഉന്നയിച്ച വാദവും ചുവടെ ചേർക്കുന്നു.

താൻ പന്തീരാങ്കാവ് ഹൈസ്കൂൾ പ്രധാന അദ്ധ്യാപകനായി 31.05.2021 ൽ വിരമിച്ചു. താൻ പ്രധാന അദ്ധ്യാപകനായിരിക്കുന്ന കാലഘട്ടത്തിൽ 2019-20 വർഷം സൂപ്പർ ചെക്ക് സെൽ നടത്തിയ പരിശോധനയിൽ 32 കുട്ടികൾ കൃത്രിമ അഡ്മിഷൻ ആണെന്ന് കണ്ടെത്തി റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മറുപടികൾ നൽകിയതിന്റെയും വിദ്യാഭ്യാസ ഓഫീസർ തലത്തിൽ ഹിയറിങ്ങ് നടത്തിയതിന്റേയും ഭാഗമായി 19 കുട്ടികളെ വ്യാജ അഡ്മിഷൻ എന്ന പട്ടികയിൽ നിന്നും ഓഴിവാക്കുകയുണ്ടായി. ഇപ്പോൾ 13 കുട്ടികളാണ് വ്യാജ അഡ്മിഷനായി നിൽക്കുന്നതെന്ന് സൂപ്പർ ചെക്ക് സെൽ ഓഫീസർ 30.03.2022 ന് തന്റെ എസ്, സി/02/2020 കെ കെഡി എന്ന നമ്പർ പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പ് പ്രൻസിപ്പൽ സെക്രട്ടറിക്ക് നൽകിയ റിപ്പോർട്ടിൽ പറയുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 06.07.2024 ന് കോഴിക്കോട് ജില്ല വിദ്യാഭ്യാസ ഓഫീസർ ദി.തി/ബി5/1320/2020 എന്ന നമ്പർ പ്രകാരം 2019-20 ലെ തസ്തിക നിർണ്ണയം പുനക്രമീകരിച്ച് ഉത്തരവാകുകയുണ്ടായി. എന്നാൽ ഇപ്പോഴും വ്യാജ അഡ്മിഷൻ എന്ന നിഗമനത്തിൽ നിൽക്കുന്ന 13 കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. അരുൺ പ്രസാദ്, 7 ബി, അഡ്മിഷൻ നമ്പർ 22716

ഈ വിദ്യാർത്ഥി 30.05.2019 ൽ കൂടരഞ്ഞി സെന്റ്റ് സെബാസ്റ്റ്യൻ ഹൈസ്കൂളിൽ നിന്നും ടി സി വാങ്ങി 7-ാം ക്ലാസിൽ ഈ സ്കൂളിൽ പ്രവേശനം നേടിയതാണ്. ഇവന്റെ ജ്യേഷ്ഠനായ ശ്യാം പി എന്ന വിദ്യാർത്ഥി പട്ടിക ജാതി വകുപ്പിന്റെ ഈ സ്കൂളിന്റെ പരിസരത്തുള്ള ഇരിങ്ങല്ലൂർ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പ്രിമെട്രിക് ഹോസ്റ്റലിൽ താമസിച്ച് 05.06.2017 മുതൽ ഈ സ്കൂളിൽ പ്രവേശനം നേടി പഠിച്ചു വരുന്ന വിദ്യാർത്ഥിയാണ്. സൂപ്പർ ചെക്ക് സെൽ പരിശോധന വർഷമായ 2019-20 ൽ ഈ വിദ്യാർത്ഥി ഈ സ്ക്കൂളിൽ പത്താം തരത്തിൽ പഠിക്കുകയാണ്. (ഇവനും വ്യാജ അഡ്മിഷൻ ആണെന്ന് സൂപ്പർ ചെക്ക് സെൽ കണ്ടെത്തിയെങ്കിലും എസ് എസ് എൽ സി പരീക്ഷ എഴുതിയ രേഖകൾ ഹാജരാക്കിയപ്പോൾ ഒഴിവാക്കി കിട്ടി) ഇവന്റെ സഹോദരൻ ശ്യാം പി എന്ന കുട്ടി നല്ല നിലയിൽ പഠനം തുടരുന്നതിനാൽ ഏകദേശം 60 കി.മീ ദൂരമുള്ള ഈ സ്കൂകൂളിലേക്ക് മൂത്ത സഹോദരന്റെ കൂടെ അരുൺ പ്രസാദും പഠനം തുടരട്ടെ എന്ന ആഗ്രഹത്താൽ ആണ് ഇവനെ പ്രി മെട്രിക് ഹോസ്റ്റലിൽ

ചേർത്ത് ഈ സ്കൂളിൽ പ്രവേശനം വാങ്ങിയത്. എന്നാൽ ജ്യേഷ്ഠനെ പോലെ അനിയനായ അരുൺ പ്രസാദിന് ഈ സാഹചര്യവുമായി തീരെ പൊരുത്തപ്പെട്ടു പോകുവാൻ സാധിച്ചില്ല. അവൻ വീട്ടിൽ നിന്നും പുറത്ത് പോയി പഠിക്കാൻ താൽപര്യമില്ലാത്തിതനാൽ ഈ സ്കൂളിൽ നിന്നും ടി സി വാങ്ങി നാട്ടിലെ തന്നെ മറ്റൊരു സ്കൂളായ പുല്ലൂരാംപാറ യു പി സ്കൂളിലേക്ക് മാറിപോയത്. ഇവൻ പ്രിമെട്രിക് ഹോസ്റ്റലിൽ ചേർന്ന് പഠിച്ച വിദ്യാർത്ഥിയാണ് എന്നതിന് തെളിവായി പ്രിമെട്രിക് ഹോസ്റ്റലിൽ നിന്നും ലഭിച്ച ഹാജർ പട്ടികയുടെ പകർപ്പും ഈ സ്കൂളിൽ അവൻ ചേർന്നതിന്റെയും വിടുതൽ ചെയ്തതിന്റെയും രേഖകളുടെ പകർപ്പും ഇതോടൊപ്പം ഹാജരാക്കുന്നു. അതിനാൽ അരുൺപ്രസാദ് എന്ന വിദ്യാർത്ഥി വ്യാജ അഡ്മിഷൻ ആയിരുന്നില്ല എന്ന് ബോധിപ്പിക്കുന്നു.

2. മുനവ്വീർ പി, 8 എ, അഡ്മിഷൻ നമ്പർ 22721

ഈ വിദ്യാർത്ഥി 02.06.2019 ന് പന്തീരാങ്കാവ് യു പി സ്കൂളിൽ നിന്നും ഈ സ്കൂളിൽ എട്ടാം ക്ലാസിലേക്ക് പ്രവേശനം നേടിയ കുട്ടിയാണ്. ഇവൻ തന്റെ കുടുംബം താമസം മാറ്റിയ കാരണം ഈ സ്കൂളിൽ നിന്നും വേളം എച്ച് എസ് ചേരാപുരം എന്ന സ്കൂളിലേക്ക് ടി സി വാങ്ങി 19.06.2019 ൽ പോയി. ഇവൻ പ്രസ്തുത സ്കൂളിൽ ചേർന്നതിന്റെ രേഖയും അവിടെ എസ് എസ് എൽ സി പൂർത്തിയാക്കിയതിന്റെ തെളിവും ഹാജരാക്കുന്നു. ഇവൻ തന്റെ യു പി സ്കൂൾ വിദ്യാഭ്യാസം പന്തീരാങ്കാവ് യു പി സ്കൂളിൽ പൂർത്തിയാക്കിയതിനാൽ ആണ് ഹൈസ്കൂൾ വിദ്യാഭ്യാസം ഈ സ്കൂളിൽ തുടരാൻ തീരുമാനിച്ചത്. ഇത്തരം വിദ്യാർത്ഥികൾ അവർ മറ്റൊരു സ്ഥലത്തേക്ക് താമസം മാറി പോവുമ്പോൾ ടി സി നൽകുകയല്ലാതെ മറ്റ് നിർവ്വാഹമില്ല. അതിനാൽ ഈ വിദ്യാർത്ഥി വ്യാജ അഡ്മിഷൻ ആണെന്നത് തെറ്റായ ഒരു തീരുമാനമാണെന്ന് ബോധിപ്പിക്കുന്നു.

3. 8 എ ക്ലാസിലെ ആദികൃഷ്ണ പി.വി, ആദിത്യ ശിവ എൻ.എം തുടങ്ങി വിഷ്ണു പി.വി വരെയുള്ള ആറ് കുട്ടികൾ

ഈ വിദ്യാർത്ഥികളെല്ലാം തന്നെ പന്തീരാങ്കാവ് സരസ്വതി വിദ്യാനികേതൻ എന്ന സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥികൾ ആയിരുന്നു. പ്രസ്തുത സ്കൂൾ മാനേജ്മെന്റ് ഫീസ് ഗണ്യമായി വർദ്ധിപ്പിച്ചതിനാൽ ഈ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് ഈ ഫീസ് വർദ്ധന താങ്ങാൻ പറ്റാത്ത സാഹചര്യം നിലനിന്നതിനാലായിരുന്നു അവർ പ്രസ്തുത സ്കൂളിൽ നിന്നും ടി.സി വാങ്ങി ഈ സ്കൂളിൽ പ്രവേശനം നേടിയത്. എന്നാൽ എല്ലാവിധ സൗകര്യങ്ങളോടും കൂടി മേൽപ്പറഞ്ഞ സ്കൂളിൽ പഠിച്ചു വന്നിരുന്ന വിദ്യാർത്ഥികൾക്ക് ഈ സാധാരണ സ്കൂളിലേക്ക് മാറ്റപ്പെട്ടപ്പോൾ ഇവിടത്തെ സാഹചര്യം പൊരുത്തപെടാതെ വന്നു. കൂടാതെ ഈ കുട്ടികൾ മുമ്പ് പഠിച്ച സ്കൂളിലെ മാനേജ്മെന്റ് വർദ്ധിപ്പിച്ച ഫീസ് കുറക്കുകയും ചെയ്തു. കുട്ടികളുടെ മാനസിക സ്ഥിതി പരിഗണിച്ചും വർദ്ധിപ്പിച്ച ഫീസ് കുറക്കുകയും ചെയ്ത സാഹചര്യത്തിലാണ് ഈ 6 വിദ്യാർത്ഥികളുടെയും രക്ഷിതാക്കൾ അപേക്ഷ നൽകി ടി.സി വാങ്ങി പഴയസ്ക്കൂളിലേക്ക് തന്നെ പോകുവാനുണ്ടായ കാരണം. ഇതിന് തെളിവായി ഈ 6 വിദ്യാർത്ഥികളുടെയും രക്ഷിതാക്കൾ ഒപ്പുവെച്ച് നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ്

ഇതോടൊപ്പം സമർപ്പിക്കുന്നു. അതിനാൽ ഈ 6 കുട്ടികളും വ്യാജ അഡ്മിഷൻ അല്ലായെന്ന് അവർ അവരുടെ സാഹചര്യമനുസരിച്ച് മാറി എന്നതേയുള്ളു എന്ന് ബോദ്ധ്യപ്പെടുത്തുന്നു. ഇവരുടെ മറ്റു സ്കൂൾ രേഖകളും ഇതോടൊപ്പം സമർപ്പിക്കുന്നു.

4. 8 സി ക്ലാസിലെ മുഹമ്മദ് റാഷിദ് വി.പി., മുഹമ്മദ് റിഷാൻ പി വി എന്നീ കുട്ടികൾ.

ഇതിൽ മുഹമ്മദ് റാഷിദ് വി പി എന്ന വിദ്യാർത്ഥി കൈലമഠം എ എം എൽ പി സ്കൂളിൽ നിന്നും അഞ്ചാം തരം പാസായി 2015-16 വർഷം ഈ സ്കൂളിൽ ആറാം ക്ലാസിൽ പ്രവേശനം നേടിയ കുട്ടിയാണ്. ഇവർ പന്താരാങ്കാവിന്റെ തൊട്ടടുത്തായ പന്നീയൂർകുളം എന്നസ്ഥലത്ത് താമസമായിരുന്നപ്പോഴാണ് ഈ സ്കൂളിൽ ചേർന്നത്. എന്നാൽ 2019-20 വർഷം ഇവന്റെ കുടുംബം രാമനാട്ടുകരയിലേക്ക് താമസം മാറുകയും രക്ഷിതാവിന്റെ അപേക്ഷ പ്രകാരം രാമനാട്ടുകര എസ് പി ബി എസ് എന്ന സ്കൂളിലേക്ക് പോവുകയുമാണുണ്ടായത്. ആറാം ക്ലാസ് മുതൽ ഈ സ്കൂളിൽ പഠിച്ചു വരുന്ന ഈ വിദ്യാർത്ഥി ഒരു വ്യാജ അഡ്മിഷൻ ആയിരുന്നില്ല എന്ന് അങ്ങേക്ക് ഇതിൽ നിന്നും ബേധ്യപ്പെടുന്നതാണ്. ഇവന് അഡിമിഷൻ നൽകിയതിന്റെയും, ടി സി നൽകിയതിന്റെയും രേഖകളുടെ പകർപ്പ് ഇതോടൊപ്പം ഹാജരാക്കുന്നു.

മുഹമ്മദ് റിഷാൻ പി വി എന്ന വിദ്യാർത്ഥി ജി യു പി എസ് കൊടൽ നടക്കാവ് എന്ന സ്കൂളിൽ നിന്നും ഏഴാം തരം പൂർത്തിയാക്കി എട്ടാം തരത്തിൽ 07.05.2019 ന് ഈ സ്കൂളിൽ പ്രവേശനം നേടിയതാണ്. ഇവന്റെ കുടുംബം വീട് മാറി താമസിച്ചതിനാലാണ് മെഡിക്കൽ കോളേജ് ഭാഗത്തെ സേവിയോ എച്ച് എസ് എസ് ലേക്ക് ടി സി വാങ്ങി പോയത്. ഈ വിദ്യാർത്ഥിയുടെ പ്രവേശനവും വിടുതലും സംബന്ധിക്കുന്ന രേഖകളുടെ പകർപ്പ് ഹാജരാക്കുന്നു.

5. 8 ബി ക്ലാസിലെ കാർത്തിക് സി എം, സ്ലീവർ സി ബൈജു എന്നീ കുട്ടികൾ

ഇതിൽ കാർത്തിക് സി എം എന്ന കുട്ടി സാംബവ വിഭാഗത്തിൽ പെട്ടതും കോഴിക്കോട് ജില്ലയിലെ ഉൾപ്രദേശമായ പേരാമ്പ്ര ചേർമല കോളനിയിൽ ഉൾപ്പെട്ട കുട്ടിയുംആണ്. ഈ കുട്ടി വൈത്തിരി ഗവ. ഹൈസ്കൂളിൽ നിന്നും ഈ സ്കൂളിന്റെ സമീപത്തുള്ള പട്ടികജാതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇരിങ്ങല്ലൂർ പ്രീ മെട്രിക് ഹോസ്റ്റലിൽ 12.06.2017 മുതൽ താമസിച്ചു പഠിക്കുന്ന കുട്ടിയായിരുന്നു. ഈ വിദ്യാർത്ഥി ഈ സ്കൂളിൽ പത്താം തരത്തിൽ പഠിച്ചു കൊണ്ടിരിക്കവെ 10.06.2021 ന് ഈ സ്കൂളിൽ നിന്നും ടി സി വാങ്ങി സ്വന്തം നാട്ടിലെ പേരാമ്പ്ര ഹൈസകൂളിൽ ചേരുകയും അവിടെ നിന്ന് എസ് എസ് എൽ സി പരീക്ഷ എഴുതുകയും ചെയ്തു. 2017 മുതൽ ഈ സ്കൂളിൽ പഠിച്ചു വരുന്ന ഈ വിദ്യാർത്ഥി അവന്റെ രക്ഷിതാവിന്റെ ഇഷ്ട പ്രകാരമാണ് പത്താം തരം പഠനം സ്വന്തം നാട്ടിലെ സ്കൂളിൽ തന്നെയാവണമെന്ന് തീരുമാനിച്ചതിനാലാണ് ടി സി നൽകേണ്ടി വന്നത്. അതിനാൽ ഇവൻ വ്യാജ അഡ്മിഷൻ ആണ് എന്ന നിഗമനം

തെറ്റാണെന്ന് ബോധിപ്പിക്കുന്നു. സ്കൂൾ രേഖകളുടെ പകർപ്പ് ഹാജരാക്കുന്നു.

സ്ലീവർ സി ബൈജു എന്ന വിദ്യാർത്ഥി പന്തീരാങ്കാവ് തന്നെ സ്ഥിതിചെയ്യുന്നതും പ്രത്യേക പരിഗണന വേണ്ട വിദ്യാർത്ഥികൾക്കുവേണ്ടിയുള്ളതുമായ ആശാകിരൺ സ്കൂളിൽ നിന്നും ടി സി വാങ്ങി എട്ടാക്ലാസിൽ ഈ സ്കൂളിൽ പ്രവേശനം നേടിയ വിദ്യാർത്ഥിയാണ്. ഇവൻ **18.08.2019** നാണ് ഈ സ്കൂളിൽ പ്രവേശനം നേടിയത്. അതിനാൽ തന്നെ ഈ കുട്ടി ആറാമത്തെ പ്രവർത്തി ദിവസത്തെ കണക്കിൽ പെടാത്ത കുട്ടിയും തസ്തിക നിർണ്ണയത്തിന് പരിഗണിക്കാത്ത കുട്ടിയുമാണ്. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടി എന്ന നിലക്ക് കൃത്യമായി സ്കൂളിൽ ഹാജരാവാൻ പറ്റാറില്ല. **50%** ത്തിലധികം വൈകല്യമുള്ള ഈ കുട്ടിക്ക് പരസഹായത്തോടുകൂടി മാത്രമേ സ്കൂളിൽ വരാൻ കഴിയാറുള്ളു. ഇതിൽ രക്ഷിതാക്കൾക്ക് എന്തെങ്കിലും തടസ്സം നേരിട്ടാൽ അന്നേ ദിവസം അവൻ ലീവ് ആവുക സ്വാഭാവികമാണ്. അതിനാൽ ഈ കുട്ടി വ്യാജ അഡ്മ ിഷൻ അല്ലായെന്ന് ബോധിപ്പിക്കുന്നതോടൊപ്പം അവനെ ഈ ഗണത്തിൽ നിന്നും ഒഴിവാക്കി തരണമെന്നുകൂടി അപേക്ഷിക്കുന്നു.

6. സെജൽ ഇ, **10** ബി, അഡ്മിഷൻ നമ്പർ **22720**

ഈ വിദ്യാർത്ഥി **02.06.2019** ന് മീഞ്ചന്ത ഗവ. ഹൈസ്കൂളിൽ നിന്നും ടി സി വാങ്ങി ഈ സ്കൂളിൽ ഒമ്പതാം ക്ലാസിൽ പ്രവേശനം നേടിയ കുട്ടിയാണ്. **2020** മാർച്ച് മാസത്തിൽ എസ്.എസ്.എൽ.സി പരീക്ഷക്ക് **181698** എന്ന നമ്പർ പ്രകാരം രജിസ്റ്റർ ചെയ്യുകയും ഹാൾടിക്കറ്റ് ലഭിക്കുകയും ചെയ്തു. എന്നാൽ ഇവൻ എസ് എസ് എൽ സി പരീക്ഷ എഴുതുന്നില്ല എന്ന് അറിയിച്ചു. അതിന്റെ കാരണം അറിയാൻ വേണ്ടി ഞാൻ തന്നെ നേരിട്ട് ഈ വിദ്യാർത്ഥിയുടെ വീട്ടിൽ പോയി അന്വേഷിച്ചു. അപ്പോൾ അവിടെ ഇവന്റെ അച്ഛനും അമ്മയും തമ്മിൽ വളരെ കാലമായി കുടുംബ വഴക്ക് നട ക്കുകയാണെന്നും അതിനാലാണ് അമ്മയുടെ ഒപ്പം നിൽക്കുന്ന ഇവന് മീഞ്ചന്ത സ്കൂളിൽ നിന്നും ഈ സ്കൂളിലേക്ക് മാറ്റി ചേർക്കുവാനുണ്ടായ സാഹചര്യം എന്ന് ബോധിപ്പിക്കുന്നു. രക്ഷിതാക്കളുടെ വഴക്ക് കാരണം അച്ഛനും അമ്മയും വെവ്വേറെ ആണ് താമസം. ഈ കുടുംബ വഴക്ക് കാരണം പലപ്പോഴും അവൻ ക്ലാസിൽ ഹാജരാകാറുണ്ടായിരുന്നില്ല. എസ് എസ് എൽ സി പരീക്ഷക്ക് പഠിച്ച് എഴുതുവാനുള്ള ഒരു സാഹചര്യം ഇല്ലാത്തതിനാലാണ് പരീക്ഷ എഴുതുന്നില്ല എന്ന് തീരുമാനിച്ചത്. ഇതിന് അവന്റെ അമ്മ അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അവന്റെ രജിസ്റ്റർ നമ്പർ ക്യാൻസൽ ചെയ്യുകയുണ്ടായി. അതിനാൽ ഇവൻ വ്യാജ അഡിഷനാണെന്ന തീരുമാനം തെറ്റാണെന്ന് അറിയിക്കുന്നു. ഇവന് ലഭിച്ച ഹാൾടിക്കറ്റിന്റെ കോപ്പിയും രജിസ്റ്റർ നമ്പർ ക്യാൻസൽ ചെയ്തതിന്റെ കോപ്പിയും അമ്മയുടെ അപേക്ഷയുടെ കോപ്പിയും ഹാജരാക്കുന്നു.

മേൽപ്പറഞ്ഞ സാഹചര്യങ്ങൾ പരിഗണിച്ച് സ്കൂൾ വിദ്യാർത്ഥികളുടെയും രക്ഷി താക്കളുടെയും അഭ്യർത്ഥന മാനിച്ച് മാത്രമേ ഇവർക്ക് ടി സി പോലെയുള്ള

വിടുതൽ രേഖകൾ നൽകിയിട്ടുള്ളു. തന്റെ കുട്ടി ഏത് സ്കൂളിൽ പഠിക്കണമെന്നും എപ്പോൾ മുതൽ പഠിക്കണമെന്നും തീരുമാനിക്കുവാനുള്ള അവകാശം അവന്റെ രക്ഷിതാവിൽ നിക്ഷിപ്തമാണ്. അതിനാൽ തന്റെ കുട്ടികളെ സ്കൂളിൽ ചേർത്ത സമയത്തു തന്നെ മറ്റൊരു സ്കൂളിലേക്ക് മാറ്റുന്നതിന് സ്കൂൾ അധികൃതർക്ക് തടസ്സം പറയുവാനോ നിൽക്കുവാനോ പാടില്ല എന്നാണ് മനസ്സിലാക്കുന്നത്. ഇതിനാലാണ് ഇവർ ആവശ്യപ്പെടുമ്പോൾ ടി സി നൽകേണ്ടി വരുന്നത്. വ്യാജ അഡ്മിഷൻ എന്ന ഗണത്തിൽപെട്ട ഈ 13 വിദ്യാർത്ഥികളെയും സംബന്ധിക്കുന്ന വിവരങ്ങൾ മുകളിൽ പ്രതിപാദിച്ചത് സത്യമാണെന്ന് ബോധിപ്പിക്കുന്നു. അതിനാൽ ഈ കുട്ടികൾ വ്യാജ അഡ്മിഷൻ ആണെന്ന തീരുമാനം ഒഴിവാക്കി തരണമെന്ന് വിനീതമായി അപേക്ഷിക്കുന്നു. ഈ വിഷയത്തിൽ ഉൾപ്പെട്ട എല്ലാ അധ്യാപകരും പ്രൊട്ടക്ഷന് അർഹതയുള്ളവരാണ് എന്ന് കൂടി അറിയിക്കുന്നു.

(2എ) അധിക വാദംഃ

**17.09.2019, 03.01.2020** എന്നീ ദിവസങ്ങളിൽ പന്തീരാങ്കാവ് ഹൈസ്കൂളിൽ കോഴിക്കോട് സൂപ്പർ ചെക്ക് സെൽ ഓഫീസർ നടത്തിയ പരിശോധനാ റിപ്പോർട്ട് **04.02.2021**ന് (ഞാൻ റിട്ടയർ ചെയ്യുന്നതിന്റെ രണ്ട് മാസം മുമ്പെ) **32** കുട്ടികൾ വ്യാജ അഡ്മിഷനാണെന്ന് കണ്ടെത്തി **2** ഡിവിഷനുകൾ (**7** ൽ **1**, **8** ൽ **1**) കുറവ് വരും എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ തന്റെ എസ്.സി./**02/2020** കെകെഡി എന്ന നമ്പർ പ്രകാരം ഉത്തരവ് നൽകിയത്. ഇതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ **2** ഡിവിഷനുകൾ കുറവ് വരുത്തി കൊണ്ടും **3** അധ്യാപകരെ സംരക്ഷിത അധ്യാപകരായതിനാൽ പുനർ വിന്യസിക്കണം എന്ന് കാണിച്ചു കൊണ്ട് **19.02.2021** ന് ദീതീ/ബി**5/1320/2020** എന്ന നമ്പർ പ്രകാരം തസ്തിക പുനർ നിർണ്ണയിച്ച് ഉത്തരവായി. പുനർ വിന്യസിക്കാൻ നിർദ്ദേശിച്ച അധ്യാപകരുടെ പേര് ചുവടെ ചേർക്കുന്നു.

1. ചന്ദ്രമതി.എം. എച്ച്.എസ്.ടി. (പി.എസ്)
2. അമൃത.കെ.ആർ എച്ച്.എസ്.ടി. (മാത്സ്)
3. പുഷ്പലത.എസ്.എം. (ജൂനിയർ ഹിന്ദി)

തുടർന്ന് വരുന്ന മനോജ് കുമാർ കെ.പി. എച്ച്.എസ്.എ.(മലയാളം) എന്ന അധ്യാപകനെ ജി.ഒ.(എം.എസ്)**217/2001**/തിയ്യതി **24.10.2001** ഉത്തരവ് പ്രകാരവും അക്ബർ പഴയേടത്ത് എന്ന അറബിക്ക് അധ്യാപകനെ കെ.ഇ.ആർ. അദ്ധ്യായം **23** റൂൾ (**6**) ഇ പ്രകാരവും സ്കൂളിൽ തന്നെ നിലനിർത്തി.

സൂപ്പർ ചെക്ക് സെൽ പരിശോധന നടന്ന് കഴിഞ്ഞ ഉടനെ കോവിഡ് മഹാമാരിയുടെ വ്യാപനം ഉണ്ടാവുകയും ലോകം ഒട്ടാകെ ഒന്നും പ്രവർത്തിക്കാത്ത അവസ്ഥയിലേക്ക് മാറുകയും ചെയ്തു. സ്കൂളുകൾ **2020** ഫെബ്രുവരി മാസം അടക്കുകയും **2021** നവംബർ മാസം വീണ്ടും തുറക്കുകയും

ചെയ്തു. 31.05.2021ന് ഞാൻ വിരമിക്കുന്ന മാസത്തിന് തൊട്ടു മുമ്പെ സൂപ്പർ ചെക്ക് സെൽ പരിശോധന റിപ്പോർട്ട് ലഭിച്ചു എന്നല്ലാതെ അതിന്മേൽ മറ്റ് നടപടികളും, അച്ചടക്ക നടപടികളും ഒന്നും ഉണ്ടായിരുന്നില്ല എന്നും അറിയിക്കുന്നു.

കോഴിക്കോട് ഡി.ഇ.ഓ.യുടെ 27.07.2019 ലെ ഉത്തരവ് നമ്പർ ബി5/49347/2019 പ്രകാരം ശ്രീമതി എം.ചന്ദ്രമതി എച്ച്.എസ്.ടി. (പി.എസ്.) എന്ന അധ്യാപികയെയും 19.02.2021 ലെ ബി5/1320/2021 ഉത്തരവ് പ്രകാരം എം.പുഷ്പലത (ജൂനിയർ ഹിന്ദി ടീച്ചർ) എന്ന അധ്യാപികയെ പുനർവിന്യസിച്ചു ഉത്തരവായി. ഇവരെല്ലാം പുനർവിന്യസിച്ച സ്ഥലത്ത് സ്ഥാപനങ്ങൾ പ്രവർത്തന സജ്ജമായപ്പോൾ ജോലി ചെയ്തു വരുകയും പുനർവിന്യസിച്ച സ്ഥലത്തു നിന്ന് തന്നെ വിരമിക്കുകയും ചെയ്തവരാണ്. ഈ അധ്യാപകർക്കെല്ലാം പുനർവിന്യസിച്ചാലും ഈ സ്കൂളിൽ നിന്ന് തന്നെയാണ് ശമ്പളം നൽകേണ്ടതും, നൽകി വരുന്നതും.

അങ്ങയുടെ ഓഫീസിലെ 02.12.2021 ൽ എൽ2/82/2021 എന്ന കത്ത് പ്രകാരവും വിവരാവകാശ നിയമപ്രകാരവും ശേഖരിച്ചതും 30.03.2022 ന് സൂപ്പർ ചെക്ക് സെൽ ഓഫീസർ അങ്ങയുടെ ഓഫീസിലേക്ക് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സൂപ്പർ ചെക്ക് സെൽ കണ്ടെത്തിയ 32 കുട്ടികളിൽ 19 കുട്ടികളെ ഒഴിവാക്കി 13 കുട്ടികളെ ഇനി കൃത്രിമ അഡ്മിഷൻ അല്ല എന്ന് തെളിയിക്കേണ്ടതുള്ളൂ എന്ന് പറയുന്നുണ്ട്. ഈ 13 കുട്ടികളെ ഒഴിവാക്കി ബാക്കി 19 കുട്ടികളെ ഉൾപ്പെടുത്തി കൊണ്ട് കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ 06.07.2024ന് 2019-20 വർഷത്തെ തസ്തിക നിർണ്ണയം വീണ്ടും പുനഃക്രമീകരിച്ച് ഉത്തരവായി.

എന്നാൽ ഈ നടപടികളുടെ ഭാഗമായി തനിക്ക് താൽക്കാലിക പെൻഷൻ മാത്രമേ അനുവദിച്ചു കിട്ടിയുള്ളൂ. (ഒരു അച്ചടക്ക നടപടിയും എന്റെ പേരിൽ അപ്പോൾ ഉണ്ടായിരുന്നില്ല.) ഈ വിഷയത്തിൽ എത്രയും പെട്ടെന്ന് ഒരു തീരുമാനം ഉണ്ടാക്കി തരണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ഞാൻ വിദ്യാഭ്യാസ ഓഫീസർമാരെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ 29.07.2023 ന് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ ഒരു ഹിയറിംങ്ങ് നടത്തുകയും 02.08.2023ന് താഴെ പറയുന്നവരുടെ പേരിൽ രൂ. 55,01,327/- തുക താൽക്കാലിക ബാദ്ധ്യത നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്തു. (ഈ തീരുമാനിത്തിനെതിരെയാണ് ഞങ്ങൾ ബഹു.കോടതിയെ സമീപിച്ചത്)

1. കെ.വി.വസന്തൻ പ്രധാന അധ്യാപകൻ Rs: 19,55,953/- ( റിട്ടയേർഡ്)
2. പുഷ്പലത എസ്.എം. ജൂനിയർ ഹിന്ദി ടീച്ചർ Rs: 4,92,285/- (റിട്ടയേർഡ്)
3. ദിൽജോ.എം. എച്ച്.എസ്.ടി (ഇംഗ്ലീഷ്) Rs: 6,80,905/-
4. എം.ചന്ദ്രമതി എച്ച്.എസ്.ടി.(പി.എസ്) Rs: 6,80,905/- (റിട്ടയേർഡ്)
5. അക്ബർ പഴയേടത്ത് (അറബിക്ക്) Rs: 6,80,905/-
6. മനോജ് കുമാർ.കെ.പി എച്ച്.എസ്.ടി. (മലയാളം) Rs : 9,98,240/-
7. യൂണി ഫോം, പാഠപുസ്തകം, ഉച്ച ഭക്ഷണം Rs: 12,133/-

വിദ്യാഭ്യാസ ഉപഡയറക്ടർ 32 കുട്ടികളെ വ്യാജ അഡ്മിഷനായി കണക്കാക്കിയാണ് ഈ നടപടി സ്വീകരിച്ചത്. 19 കുട്ടികളെ ഒഴിവാക്കിയ കാര്യം അദ്ദേഹം പരിഗണിച്ചില്ല. കൂടാതെ ഇവരെല്ലാം സംരക്ഷിത അധ്യാപകരും പുനർ വിന്യസിക്കേണ്ടവരുമാണെന്നതും പരിഗണിക്കാതെയാണ് ഇവർക്ക് നൽകിയ ശമ്പളം ഞങ്ങളുടെ ബാദ്ധ്യതയാക്കി നൽകിയത്. കോവിഡ് മഹാമാരിയുടെ വ്യാപനം കാരണം ഓഫീസുകൾ ആദ്യ ഘട്ടത്തിൽ തീരെ പ്രവർത്തിച്ചിരുന്നില്ല. തുടർന്ന് വന്ന ഇളവുകൾ വന്നപ്പോഴാണ് ഇവരെ പുനർവിന്യസിച്ച് ഉത്തരവായത്. നിലവിൽ ഇവരെ എവിടേക്ക് പുനർവിന്യസിച്ചാലും ഇല്ലെങ്കിലും ശമ്പളം നൽകുന്നത് ഈ സ്കൂളിൽ നിന്ന് തന്നെയാണ്. അതിനാൽ മേൽപറഞ്ഞ പോലെ 2019-20 വർഷം നടത്തിയ സൂപ്പർ ചെക്ക് സെൽ പരിശോധന റിപ്പോർട്ട് കോവിഡ് മഹാമാരി കാരണം കൊണ്ടുണ്ടായ സാഹചര്യവും, ഉത്തരവുകൾ ലഭിക്കുവാനുണ്ടായ കാലതാമസവും കണക്കിലെടുക്കാതെയാണ് വിദ്യാഭ്യാസ ഉപ ഡയറക്ടർ താൽക്കാലിക ബാദ്ധ്യത നിശ്ചയിച്ച് ഉത്തരവാകുന്നത്.

ഈ വിഷയം സംബന്ധിച്ച് തനിക്കെതിരെ യാതൊരുവിധ അച്ചടക്ക നടപടിയും മാനേജരോ, വിദ്യാഭ്യാസ വകുപ്പോ സ്വീകരിച്ചിട്ടില്ല. അതിനാൽ തന്നെ എനിക്ക് താൽക്കാലിക പെൻഷൻ അനുവദിച്ചത് ക്രമപ്രകാരമല്ല. ഒരു ഉദ്യോഗസ്ഥൻ വിരമിക്കുന്ന സമയത്ത് അദ്ദേഹത്തിന്റെ പേരിൽ വല്ല അച്ചടക്ക നടപടിയും നിലനിൽക്കുന്നുണ്ടെങ്കിൽ മാത്രമേ താൽക്കാലിക പെൻഷൻ അനുവദിക്കാൻ സാധിക്കുകയുള്ളു. അതിൽ ഗ്രാറ്റിവിറ്റി തുക മാത്രമേ ഈ കാര്യത്തിൽ തീരുമാനമാകുന്നതുവരെ നില നിർത്തുവാൻ പാടുള്ളൂ. ഇതിനെല്ലാം വിരുദ്ധമായിട്ടാണ് വിദ്യാഭ്യാസ ഓഫീസർ പ്രവർത്തിച്ചത്. അതിനാൽ എന്റെ മേൽ ചുമത്തിയ ഈ ബാദ്ധ്യതയെല്ലാം ഒഴിവാക്കി എനിക്ക് സാധാരണ പെൻഷനും, മറ്റ് ആനുകൂല്യങ്ങളും നൽകാൻ ഉത്തരവ് നൽകണമെന്ന് അപേക്ഷിക്കുന്നു.

(3) 2-ാം പെറ്റീഷണറായ മനോജ് കുമാർ.കെ പി യുടെ വാദം:

പന്തീരാങ്കാവ് ഹൈസ്കൂളിൽ 29 വർഷമായി ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) ആയി ഞാൻ പ്രവർത്തിച്ചുവരികയാണ്. 2019-20 അധ്യായനവർഷത്തിൽ സൂപ്പർ ചെക്ക് സെൽ നടത്തിയ പരിശോധനയിൽ ഞാൻ ക്ലാസ് അധ്യാപകനായ 9 ബി-യിൽ പഠിക്കുന്ന ആറ് കുട്ടികൾ യഥാക്രമം,

1. 22606 (Adm. No.) കമർ ഹുസൈൻ വി.പി
2. 22662 അഭിജിത്ത് കെ.പി
3. 22511 പ്രജുൽ കുമാർ
4. 22649 റിനോദ് ഇ
5. 22635 വൈഷ്ണവ് സി.പി
6. 33644 സനൂഫ് പി

എന്നിവരെ കൃത്രിമ അഡ്മിഷൻ ആണെന്ന് ആരോപിക്കുകയുണ്ടായി. എന്നാൽ 24-3-2022 സൂപ്പർ ചെക്ക് സെൽ നടത്തിയ പുനഃപരിശോധനയിൽ പ്രസ്തുത കുട്ടികൾ യഥാർത്ഥ കുട്ടികളാണെന്നു കണ്ടെത്തുകയും, കൃത്രിമ അഡ്മിഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കുകയും ചെയ്തു. തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശപ്രകാരം കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് നമ്പർ ബി/1320/2020 തീയതി 6-7-2024 പ്രകാരം സ്റ്റാഫ് ഫിക്സേഷൻ റിവൈസ് ചെയ്തു ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിലും എന്റെ ക്ലാസിലെ മേൽ പ്രസ്താവിച്ച കുട്ടികൾ കൃത്രിമ അഡ്മിഷൻ അല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഈ വിഷയത്തിൽ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ നേരത്തെ ഏകദേശം 10 ലക്ഷം രൂപയ്ക്ക് അടുത്തുള്ള തുക എനിക്ക് ബാധ്യതയായി നിശ്ചയിച്ചിരുന്നു. എന്റെ ക്ലാസിൽ കൃത്രിമ അഡ്മിഷൻ ഒന്നും നടത്തിയിട്ടില്ലെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ ഈ ബാധ്യത എന്നിൽ നിന്ന് ഒഴിവാക്കി കുറ്റവിമുക്തനായി എന്നുള്ള ഒരു അറിയിപ്പും നാളിതുവരെ ലഭിച്ചിട്ടില്ല. ഉത്തരവുകളുടെ അടിസ്ഥാനത്തിൽ എന്നെ കുറ്റവിമുക്തനായി പ്രഖ്യാപിക്കുകയും എന്നിൽ ചുമത്തപ്പെട്ട സാമ്പത്തിക ബാധ്യതയും മറ്റു ശിക്ഷാനടപടികളും എത്രയും പെട്ടെന്ന് ഒഴിവാക്കി തരണമെന്നും കഴിഞ്ഞ ആറു വർഷത്തോളമായി ഞാൻ അനുഭവിക്കുന്ന മാനസിക വൈഷമ്യത്തിന് അറുതി വരുത്തി തരണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

(4) 3 ാം പെറ്റീഷണറായ ദിൽജോ എം ന്റെ വാദം:

താൻ കോഴിക്കോട് പന്തീരാങ്കാവ് ഹയർ സെക്കൻഡറി സ്കൂൾ എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിൽ 2004 ജൂൺ മുതൽ ജോലി ചെയ്തു വരികയാണ്. സ്കൂളിന്റെ 2019-20 വർഷത്തെ തസ്തിക നിർണയവുമായി ബന്ധപ്പെട്ട് 17/9/2019 തീയതിയിൽ കോഴിക്കോട് സൂപ്പർ ചെക്ക് സെൽ പരിശോധന നടത്തുകയുണ്ടായി. അതിൽ താഴെപ്പറയുന്ന ഏഴ് കുട്ടികൾ എന്റെ (8 A) ക്ലാസ്സിൽ വ്യാജ അഡ്മിഷൻ ആണെന്ന് ആരോപിച്ചതിന്റെ അടിസ്ഥാനത്തിൽ ആ കുട്ടികളെ കുറിച്ചുള്ള കാര്യങ്ങൾ ഞാൻ താഴെ വ്യക്തമാക്കി കൊള്ളുന്നു.

1. മുനവ്വിർ.പി (Admission No:22721) ഈ കുട്ടി 2/6/2019 ന് ഹൈസ്കൂളിൽ എട്ടാം ക്ലാസിൽ കൃത്യമായ യുഐഡി, ടി.സി എന്നിവയുടെ അടിസ്ഥാനത്തിൽ വന്ന് ചേർന്നതാണ്. ഇവന്റെ കുടുംബം താമസം മാറ്റിയ കാരണം ഈ സ്കൂളിൽ നിന്നും വേളം എച്ച്എസ്എസ്, ചേരാപുരം എന്ന സ്കൂളിലേക്ക് 19/6/2019 ന് ടി സി വാങ്ങി പോയതാണ്. ഇതെല്ലാം 'സമ്പൂർണ്ണ' പോർട്ടൽ വഴിയാണ് നടന്നിട്ടുള്ളത്. കുട്ടി സ്കൂളിൽ വന്ന ദിവസങ്ങളിൽ മാത്രമാണ് ഞാൻ കുട്ടിക്ക് ഹാജർ നൽകിയിട്ടുള്ളത്.

2. തുടർന്നുവരുന്ന ആറു കുട്ടികൾ സരസ്വതി വിദ്യാനികേതനിൽ നിന്ന് റ്റി സി വാങ്ങി ഇവിടെ ചേർന്നവരാണ്. 1) ആദികൃഷ്ണ പി വി (Admission

No:22728), 2. ആദിത്യശിവ എൻ എം ( Admission No:22729), 3. വിഷ്ണു പി ) Admission No:22725), 4. ജഗൻ ടി ടി (Admission No:22724) 5. കാശിനാഥ് എസ് (Admission No 22727), 6. അഗ്രജ് ടി എസ് (Admission No:22726) എന്നീ കുട്ടികൾ പന്തീരാങ്കാവ് സരസ്വതി വിദ്യാനികേതനിൽ പഠിച്ചുകൊണ്ടിരിക്കെയാണ് അവിടെനിന്നും ടി സി വാങ്ങി ഈ സ്കൂളിൽ പ്രവേശനം നേടിയത്. പിന്നീട് സ്കൂളിലെ പഠനസൗകര്യവുമായി പൊരുത്തപ്പെട്ട് പോകാൻ പറ്റാത്തതിനാൽ ടിസി വാങ്ങി സരസ്വതി വിദ്യാനികേതനിലേക്ക് തിരിച്ചു പോയതാണ്. കുട്ടികൾ സ്കൂളിൽ വന്ന ദിവസങ്ങളിൽ മാത്രമാണ് ഞാൻ അവർക്ക് അറ്റൻഡൻസ് നൽകിയത്. കുട്ടികൾ റ്റി സി വാങ്ങിയശേഷം രജിസ്റ്ററിൽ മാർക്ക് ചെയ്യുകയും ഹെഡ്മ്ാസ്റ്ററെ കൊണ്ട് ഒപ്പുവെപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 17/9/2019 ലെ സൂപ്പർ ചെക്ക് സെൽ പരിശോധനയിൽ ഈ കുട്ടികൾ വ്യാജ അഡ്മിഷൻ ആണെന്ന് റിപ്പോർട്ട് ലഭിച്ചശേഷം ഞാൻ കൂടുതൽ വിവരങ്ങൾ അന്വേഷിക്കുകയുണ്ടായി. അതിൻപ്രകാരം അവരുടെ മാനേജ്മെൻറ് ഫീസ് വർധിപ്പിച്ചതുകൊണ്ടാണ് അവർ ടി സി വാങ്ങി പന്തീരാങ്കാവ് ഹൈസ്കൂളിൽ ചേർന്നതെന്നും പിന്നീട് അവർക്ക് വർധിപ്പിച്ച ഫീസ് കുറവ് ചെയ്തു കൊടുത്തതുകൊണ്ടാണ് തിരിച്ച് അങ്ങോട്ട് തന്നെ പോയത് എന്നുമാണ് അറിയാൻ കഴിഞ്ഞത്. അല്ലാതെ യാതൊരുവിധ കൃത്രിമവും ഞാൻ ചെയ്തിട്ടില്ല. വ്യാജ അഡ്മിഷൻ കൂട്ടി ഡിവിഷൻ വർദ്ധിപ്പിക്കുന്നതുകൊണ്ട് എനിക്ക് യാതൊരുവിധ പ്രയോജനവും ഇല്ലെന്നിരിക്കെ ഒരു കുറ്റവും ചെയ്യാത്ത എനിക്കെതിരെ നിർദ്ദേശിക്കപ്പെട്ട അച്ചടക്ക നടപടിയിൽ നിന്ന് ഒഴിവാക്കി തരണമെന്ന് ഇതിനാൽ താഴ്മയോടെ അപേക്ഷിച്ചുകൊള്ളുന്നു.

(5) 4ാം പെറ്റീഷണർ ശ്രീ.അക്ബർ പഴേടത്തിന്റെ വാദംഃ

താൻ കോഴിക്കോട് പന്തീരാങ്കാവ് ഹയർ സെക്കണ്ടറി സ്കൂളിൽ 2013 ജൂൺ 24 മുതൽ എച്ച് എസ് ടി (അറബിക്) പാർട്ട് -ടൈം തസ്തികയിൽ ജോലി ചെയ്തു വരികയാണ്. സ്കൂളിന്റെ 2019-20 വർഷത്തെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് 17-09-2019, 03-01-2020 എന്നീ തിയ്യതികളിൽ കോഴിക്കോട് സൂപ്പർ ചെക്ക് സെൽ സ്കൂളിൽ പരിശോധന നടത്തുകയുണ്ടായി. മേൽ പരിശോധനയിൽ എന്റെ ക്ലാസിലെ (8-C) 5 കുട്ടികൾ ക്ലാസ്സിൽ ഹാജരായിരുന്നില്ല. പ്രസ്തുത കുട്ടികളെ കോഴിക്കോട് സൂപ്പർ ചെക്ക് സെൽ കൃത്രിമ അഡ്മിഷനായി തെറ്റായി കണ്ടെത്തുകയാണുണ്ടായത്. എന്നാൽ റിട്ട. പ്രധാനാധ്യാപകൻ ശ്രീ. വസന്തൻ. കെ. വി., ബഹു. ഹൈകോടതി മുമ്പാകെ സമർപ്പിച്ച റിട്ട് ഹർജി (സി) നം. 27108/23 പ്രകാരം സൂപ്പർ ചെക്ക് സെല്ലിന്റെ പുന.പരിശോധനയിൽ 3 കുട്ടികൾ ബോഗസ് അഡ്മിഷനെല്ലന്ന് കണ്ടെത്തിയിട്ടുണ്ടെങ്കിലും രണ്ട് കുട്ടികൾ ഇപ്പോഴും ബോഗസായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1) MUHAMMED RASHID VP

**Adm No: 22843**

**Date of Admission: 25/01/2016**

പ്രസ്തുത കുട്ടി **2016** ൽ ഈ വിദ്യാലയത്തിൽ ആറാം ക്ലാസിലേക്ക് അഡ്മിഷൻ നേടിയതാണ്. വീട് മാറിപ്പോകേണ്ടി വന്നതിനാൽ ടിസി ആവശ്യപ്പെട്ട പ്രകാരം വിടുതൽ നൽകിയതാണ്. കോഴിക്കോട് രാമനാട്ടുകരയിലെ **Seva Mandir Post Basic HSS** ൽ നിന്ന് **2021** ൽ **SSLC** പാസ്സായി.

**2) MUHAMMED RISHAN PV**

**Adm No: 22680**

**Date of Admission: 07/05/2019**

പ്രസ്തുത കുട്ടി എട്ടാം ക്ലാസിൽ അഡ്മിഷൻ നേടിയതിന് ശേഷം വീട് മാറിപ്പോകേണ്ടി വന്നതിനാൽ ടിസി ആവശ്യപ്പെട്ട പ്രകാരം വിടുതൽ നൽകിയതാണ്. **2021** ൽ കോഴിക്കോട് മെഡിക്കൽ കോളേജ് സേവിയോ ഹയർ സെക്കണ്ടറി സ്കൂളിൽ നിന്ന് **SSLC** പാസ്സായി. ഈ ഓൺലൈൻ ഹിയറിംഗിൽ തനിക്ക് ബോധിപ്പിക്കാനുള്ളത്, പന്തീരാങ്കാവ് ഹയർ സെക്കണ്ടറി സ്കൂളിലെ ഏക പാർടൈം തസ്തികയിലാണ് താൻ നിയമിതനായിട്ടുള്ളത്. മേൽ പറയപ്പെട്ട രണ്ട് വിദ്യാർത്ഥികളും നിയമാനു സൃതമായി ഈ സ്കൂളിൽ പ്രവേശനം നേടിയവരും വിവിധ പ്രദേശങ്ങളിലേക്ക് വീട് മാറിപ്പോകേണ്ടി വന്നതിനാൽ ടിസി ആവശ്യപ്പെട്ട പ്രകാരം വിടുതൽ നൽകിയതുമാണ്. ആയതിനാൽ തന്റെ ക്ലാസിൽ **(8C)** യാതോരുവിധ കൃത്രിമ അഡ്മിഷൻ നടന്നിട്ടില്ലന്ന് ഇതിനാൽ ബോധിപ്പിക്കുന്നു.

**(6)** 5-ാം പെറ്റീഷണർ ശ്രീമതി.പുഷ്പലത എസ് എം -ന്റെ വാദം:

താൻ പന്തീരാങ്കാവ് ഹയർ സെക്കൻഡറി സ്കൂളിൽ **28-06-2004** മുതൽ ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിൽ ജോലി ചെയ്തു വരികയായിരുന്നു. **2019-20** വർഷം ഞാൻ **7 B** യിലെ ക്ലാസ് ടീച്ചർ ആയിരുന്നു. പ്രസ്തുത വർഷത്തെ തസ്തിക നിർണയവുമായി ബന്ധപ്പെട്ട് കോഴിക്കോട് സൂപ്പർ ചെക്ക് സെൽ നടത്തിയ പരിശോധനയിൽ എന്റെ ക്ലാസിലെ അരുൺ പ്രസാദ് **(Adm No. 22716)** എന്ന കുട്ടി വ്യാജ അഡ്മിഷൻ ആണെന്ന് കണ്ടെത്തുകയുണ്ടായി. ഇതേ വർഷം **2019-20** ൽ ഈ കുട്ടിയുടെ ജേഷ്ഠൻ ശ്യാം പി **(Adm No. 22012)** ഇരിങ്ങല്ലൂർ പ്രീ മെടിക് ഹോസ്റ്റലിൽ താമസിച്ച് ഈ സ്കൂളിൽ **10** ബി യിൽ പഠിക്കുകയായിരുന്നു. (സൂപ്പർ ചെക്ക് സെൽ ഈ കുട്ടിയും വ്യാജ അഡ്മിഷൻ ആണെന്ന് കണ്ടെത്തുകയും പിന്നീട് എസ്എസ്എൽസി എഴുതിയ രേഖകൾ ഹാജരാക്കിയപ്പോൾ ഒഴിവാക്കുകയും ആണ് ഉണ്ടായത്). അരുൺ പ്രസാദിനെയും ഈ ഹോസ്റ്റലിൽനിർത്തി പഠിപ്പിക്കാനുള്ള തീരുമാനത്തിലാണ് രക്ഷിതാക്കൾ **05-06-2017** ന് ഈ സ്കൂളിൽ പ്രവേശനം നേടിയത്.

വീടുവിട്ട് നിൽക്കാൻ താല്പര്യമില്ലാത്ത കുട്ടിക്ക് ഹോസ്റ്റൽ ജീവിതവുമായി പൊരുത്തപ്പെട്ട് പോകാനായില്ല. പലപ്പോഴും കൂടരഞ്ഞിയിൽ നിന്നും അമ്മയാണ് അവനെ സ്കൂളിൽ കൊണ്ടുവിടുന്നത്. ഈ ബുദ്ധിമുട്ടുകൾ കാരണം രക്ഷിതാക്കൾ അവനെ വീടിനടുത്തുള്ള പുല്ലൂരാംപാറയിലെ സെൻറ് ജോസഫ് യുപി സ്കൂളിലേക്ക് **02.07.2019** ന് **TC** വാങ്ങി പോവുകയാണ് ഉണ്ടായത്. കുട്ടി ഹാജരായ ദിവസങ്ങളിൽ രജിസ്റ്ററിൽ അറ്റൻഡൻസ് രേഖപ്പെടുത്തുകയും ടി സി വാങ്ങിയപ്പോൾ പേര് രജിസ്റ്ററിൽ നിന്നും നീക്കം ചെയ്ത് ഹെഡ്മാസ്റ്റർ ഒപ്പ് വെച്ചിട്ടുമുണ്ട്.

അരുൺ പ്രസാദ് ഈ സ്കൂളിൽ പ്രവേശന നേടിയതിന്റെ തെളിവിലേക്കായി താഴെ പറയുന്ന രേഖകൾ സമർപ്പിക്കുന്നു.

1.സ്കൂൾ പ്രവേശനത്തിനുള്ള അപേക്ഷ ഫോറം.

2.സെൻറ് ജോസഫ് എച്ച്എസ്എസ് കൂടരഞ്ഞിയിലെ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്

3. **2019-20** വർഷത്തെ അഡ്മിഷൻ റജിസ്റ്റർ കോപ്പി.

4. **02.07.2019** ൽ **TC** വാങ്ങിയതിന്റെ കോപ്പി.

5. അറ്റൻൻസ് രജിസ്റ്റർ കോപ്പി

കൂടാതെ പ്രീമെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥിയായിരുന്നു എന്നതിന്റെ തെളിവിലേക്കായി ഹോസ്റ്റലിലെ അറ്റൻഡൻസ് രജിസ്റ്റർ കോപ്പിയും ഇതോടപ്പം വയ്ക്കുന്നു ആയതിനാൽ ഈ വിദ്യാർത്ഥിയുടെ അഡ്മിഷൻ വ്യാജമല്ലെന്ന് സത്യമായി ബോധിപ്പിച്ചുകൊള്ളുന്നു.

താൻ **01.12.2016** മുതൽ ജൂലൈ **2018** വരെ വിവിധ സ്കൂളുകളിലും കോഴിക്കോട് ബിആർസിയിലും പ്രൊട്ടക്റ്റഡ് അധ്യാപികയായി ജോലി ചെയ്തിരുന്നു. തുടർന്ന് പന്തീരാങ്കാവ് ഹയർ സെക്കൻഡറി സ്കൂളിൽ ജോലി ചെയ്തു വരുന്ന കാലഘട്ടത്തിൽ കൊറോണ വ്യാപനം കഴിഞ്ഞ് സെപ്റ്റംബർ **2021** മുതൽ വീണ്ടും കോഴിക്കോട് ബിആർസിയിൽ പ്രൊട്ടക്റ്റഡ് അധ്യാപികയായി ജോലി ചെയ്യുകയും അവിടെ നിന്ന് **31.05.2022** ൽ വിരമിക്കുകയും ആണ് ഉണ്ടായത്. എന്നാൽ മേൽപ്പറഞ്ഞ പ്രശ്നം നിലനിൽക്കുന്നതിനാൽ റിട്ടയർ ചെയ്ത് മൂന്ന് വർഷം കഴിഞ്ഞിട്ടും എന്റെ പെൻഷൻ ആനുകൂല്യങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. ആയതിനാൽ ഈ പ്രശ്നങ്ങൾക്ക് എത്രയും പെട്ടെന്ന് ഒരു പരിഹാരം കണ്ടെത്തി എന്റെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

(7) വിഷയവുമായി ബന്ധപ്പെട്ട അധ്യാപികയായ ശ്രീമതി. അമുത. കെ. ആർ-ന്റെ വാദംഃ

താൻ കോഴിക്കോട് പന്തീരാങ്കാവ് ഹയർ സെക്കൻഡറി സ്കൂൾ എച്ച് .എസ്.ടി (ഗണിതം) തസ്തികയിൽ **1998** ജൂൺ **8** മുതൽ ജോലി ചെയ്തു വരികയാണ്. **2014** ൽ എന്റെ തസ്തിക നഷ്ടപ്പെടുകയും ഞാൻ മറ്റൊരു സ്കൂളിലേക്ക് പുനർവിന്യസിക്കപ്പെടുകയും ചെയ്തു. **2019-20** വർഷത്തെ തസ്തിക നിർണ്ണയത്തിൽ ആറാമത്തെ ഗണിതം തസ്തിക ഉള്ളതിനാൽ കരുവൻപൊയിൽ

ഗവൺമെന്റ് ഹൈസ്കൂളിൽ നിന്നും പന്തീരാങ്കാവ് എച്ച് എസ് എസ് ലേക്ക് തിരിച്ചെത്തുകയായിരുന്നു. എന്നാൽ സ്കൂളിന്റെ 2019- 20 വർഷത്തെ തസ്തിക നിർണയവുമായി ബന്ധപ്പെട്ട് 17-09-2019 തീയതിയിൽ കോഴിക്കോട് സൂപ്പർ ചെക്ക് സെൽ പരിശോധന നടത്തുകയുണ്ടായി. പരിശോധനയിൽ ആറാമത്തെ തസ്തിക ഇല്ല എന്ന് കണ്ടെത്തുകയും 2019 ന് ശേഷം ഇൻഗ്രിമെൻറ്, ഗ്രേഡ്, പുതിയ ശമ്പളം ഇവയെല്ലാം തടഞ്ഞു വയ്ക്കുകയും ചെയ്തു. 31/7/2024 ന് വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ നടന്ന ഹിയറിങ്ങിന്റെ ഭാഗമായി തസ്തിക നിർണയം റിവൈസ് ചെയ്തപ്പോൾ ആറാം തസ്തിക (എച്ച് .എസ്.ടി ഗണിതം) അനുവദിക്കുകയും ചെയ്തു. എന്നാൽ ആ വർഷം ഞാൻ 10 ബി ക്ലാസിന്റെ ക്ലാസ് അധ്യാപികയായിരുന്നു. ആ ക്ലാസിലെ സെജൽ ഇ എന്ന കുട്ടി വ്യാജ അഡ്മിഷൻ ആണെന്ന് ആരോപിച്ചതിന്റ അടിസ്ഥാനത്തിൽ ആ കുട്ടിയെ കുറിച്ചുള്ള വിവരങ്ങൾ താഴെ വ്യക്തമാക്കി കൊള്ളട്ടെ.

1.സെജൽ ഇ (Adm No: 22720) എന്ന കുട്ടി 02/06/2019 പത്താം ക്ലാസിൽ അഡ്മിഷൻ എടുത്തു. സ്ഥിരം അസുഖ ബാധിതനായതിനാൽ നിരന്തരം അവധി എടുക്കാറുണ്ടെങ്കിലും എസ്എസ്എൽസി വിദ്യാർത്ഥിയായതിനാൽ പരീക്ഷാഫീസ് അടച്ച് പരീക്ഷ എഴുതിക്കാൻ തീരുമാനിച്ചു. SSLC രജിസ്റ്റർ നമ്പർ (181698) കിട്ടിയശേഷം രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാൻ ആവശ്യപ്പെട്ടതിനാൽ കുട്ടിയെ റോളിൽനിന്ന് നീക്കുകയുണ്ടായി. ഈ കുട്ടിയെ റോളിൽ നിലനിർത്തിയാൽ തന്നെ അധിക ഡിവിഷൻ ഒന്നും സൃഷ്ടിക്കാൻ കഴിയില്ല. ഒരു കുറ്റവും ചെയ്യാത്ത എനിക്കെതിരെ നിർദ്ദേശിക്കപ്പെട്ട അച്ചടക്ക നടപടിയിൽ നിന്ന് ഒഴിവാക്കി തരണമെന്നും എനിക്ക് ലഭിക്കേണ്ട സർവ്വീസ് ആനുകൂല്യങ്ങൾ ലഭ്യമാക്കിത്തണമെന്നും താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

(8) മാനേജരുടെ വാദം ചുവടെ ചേർക്കുന്നു:

ആദ്യമായി 2019-20 വർഷത്തെ ഈ ഒരു വിഷയത്തെ പറ്റി ഒരു ഔദ്യോഗിക രേഖയും തനിക്ക് ഇതു വരെ ലഭിച്ചിട്ടില്ല എന്ന് അറിയിക്കുന്നു. കൂടാതെ പ്രവേശനം സംബന്ധിക്കുന്ന എല്ലാ നടപടികളും പ്രധാന അധ്യാപകനും മറ്റ് അധ്യാപകരും ചേർന്നാണ് നടത്തുന്നത്. മാനേജരായ ഞാൻ ഇത്തരം സ്കൂൾ അക്കാദമിക്ക് കാര്യങ്ങളിൽ ഒന്നും തന്നെ ഇടപെടാറില്ല, നിയമപ്രകാരം അത് അങ്ങനെ തന്നെയാണ് വേണ്ടത് എന്നും മനസ്സിലാക്കുന്നു. അതിനാൽ ഈ വിഷയത്തിൽ മാനേജരായ തനിക്ക് കൂടുതൽ ഒന്നും ബോധിപ്പിക്കാനില്ല എന്ന് അറിയിക്കുന്നു.

(9) വിദ്യാഭ്യാസ അധികൃതരുടെയും സൂപ്പർ ചെക്ക് സെല്ലിന്റയും റിപ്പോർട്ട് സംക്ഷിപ്തമായി ഇപ്രകാരമാണ്.

പന്തീരാങ്കാവ് ഹൈസ്കൂളിൽ 2019-20 അധ്യയന വർഷത്തിൽ സൂപ്പർ ചെക്ക്സെൽ വ്യാജ അഡ്മിഷൻ കണ്ടെത്തിയതിനെ തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 04/02/2021 ലെ SC/02/2020/KKD നമ്പർ ഉത്തരവ് പ്രകാരം വ്യാജ

അഡ്മിഷനായി സൂപ്പർചെക്ക്സെൽ കണ്ടെത്തിയ 32 കുട്ടികളെ ഒഴിവാക്കി തസ്തികനിർണ്ണയം പുനർ നിർണയിക്കാനും തസ്തിക നഷ്ടപ്പെടുന്നവരെ നീക്കം ചെയ്യാനും സംരക്ഷണ ആനുകൂല്യം ഉള്ളവരാണെങ്കിൽ കോഴിക്കോട് ജില്ല വിദ്യഭ്യാസ ഉപഡയറക്ടർ മുഖാന്തിരം പുനർ വിന്യസിക്കാനും നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ബി5/1320/2020 തിയതി.19/02/2021 പ്രകാരം തസ്തിക നിർണ്ണയം പുനഃനിർണ്ണയിച്ച് ഉത്തരവായിരുന്നു. ആയത്പ്രകാരം

1.ശ്രീ.മുരളീധരൻ.കെ.വി. (യു.പി.എസ്.ടി.) 31/03/2020 ന് സേവനത്തിൽ നിന്നും വിരമിച്ചു.

2.ശ്രീമതി. ചന്ദ്രമതി.എം. (എച്ച്.എസ്.ടി ഫിസിക്കൽ സയൻസ്) 31/05/2022 ന് സേവനത്തിൽ നിന്നും വിരമിച്ചു.

3.ശ്രീമതി. അമുത.കെ.ആർ. (എച്ച്.എസ്.ടി.ഗണിതം)

4.പുഷ്പലത.സി എം (ജൂനിയർ ഹിന്ദി) 31/05/2022 ന് സേവനത്തിൽ നിന്നും വിരമിച്ചു.

എന്നിവരിൽ ശ്രീ. മുരളീധരൻ.കെ.വി. (സേവനത്തിൽ നിന്നും വിരമിച്ചതിനാൽ) ഒഴികെ മറ്റുള്ളവരെ പുനർവിന്യസിക്കുന്നതിന് വേണ്ടി കോഴിക്കോട് ജില്ല വിദ്യഭ്യാസ ഉപഡയറക്ടർ ഓഫീസിലേക്ക് അറിയിക്കുകയും പുനർവിന്യസിക്കുകയും ചെയ്തിരുന്നു. തുടർന്ന് വ്യാജ അഡ്മിഷൻ സംബന്ധിച്ച് കൈപറ്റിയ ശമ്പളം, വിദ്യാർഥികളുടെ ടെക്സ്റ്റ് ബുക്ക്, യൂണിഫോം, നൂൺമീൽ, എന്നിവ പ്രകാരം കണക്ക് തിട്ടപ്പെടുത്തി കോഴിക്കോട് ജില്ല വിദ്യഭ്യാസ ഉപഡയറക്ടറെ അറിയിക്കുകയും കോഴിക്കോട് ജില്ല വിദ്യഭ്യാസ ഉപഡയറക്ടർ -ടെ ബി5/18687/2019 (1) തിയതി.02/08/2023 പ്രകാരം 55,01,327/- രൂപ ബാദ്ധ്യത നിശ്ചയിച്ചു നൽകിയിരുന്നു. ആയത് നിലനിൽക്കെവെയാണ് പന്തീരാങ്കാവ് ഹൈസ്കൂളിലെ അദ്ധ്യാപകർ സർക്കാറിൽ ഹർജി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ (എൽ) വകുപ്പിന്റെ 06/05/2024 ലെ എൽ-2/82/2021 കത്ത് പ്രകാരം 32 വിദ്യാർഥികളിൽ 18 വിദ്യാർഥികൾ വ്യാജ അഡ്മിഷൻ അല്ല എന്ന് കണ്ടെത്തിയിരുന്നതായും ആയത് പ്രകാരം 2019-20 അദ്ധ്യയന വർഷത്തിലെ തസ്തിക നിർണ്ണയം പുനർ നിർണയിക്കാനും സർക്കാറിന് ഉണ്ടായ നഷ്ടം സ്കൂൾ പ്രധാനാദ്ധ്യാപകനിൽ നിന്നും ക്ലാസ്സ് ചാർജ്ജുള്ള അദ്ധ്യാപകരിൽ നിന്നും ഈടാക്കാൻ നിർദേശം കോഴിക്കോട് വിദ്യഭ്യാസ ഉപഡയറക്ടർ നൽകിയിരുന്നു. പൊതുവിദ്യാഭ്യാസ (എൽ) വകുപ്പിന്റെ 06/05/2024 ലെ എൽ2/82/2021 കത്തിന്റെ അടിസ്ഥാനത്തിൽ 2019-20 അദ്ധ്യയന വർഷത്തിലെ തസ്തിക നിർണ്ണയം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി5/1320/2020 തി. 06/07/2024 പ്രകാരം പുനർ നിർണയിച്ച് ഉത്തരവ് നൽകിയിരുന്നു. പ്രസ്തുത തസ്തിക നിർണ്ണയത്തിൽ ശ്രീമതി. അമുത.കെ.ആർ-നെ 1:40 അനുപാതത്തിൽ പ്രസ്തുത സ്കൂളിൽ നിലനിർത്തിയിരുന്നു. തുടർന്നും സ്കൂളിൽ ജോലി ചെയ്തു വരുന്നു. ബി5/1320/2020 തിയതി.10/10/2024 പ്രകാരം പുതുക്കിയ ബാദ്ധ്യത നിർണ്ണയിക്കുന്നതിന് വേണ്ടി റിപ്പോർട്ട് കോഴിക്കോട് ജില്ല വിദ്യഭ്യാസ

ഉപഡയറക്ടർ ഓഫീസിലേക്ക് അറിയിച്ചിരുന്നു. എന്നാൽ ആയത് പ്രകാരം പുതിയ ബാദ്ധ്യത തിട്ടപ്പെടുത്തി നൽകിയിട്ടില്ല. ബാദ്ധ്യത തിട്ടപ്പെടുത്തിയാൽ മാത്രമേ കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**(10)** **Exhibit P-5** റിവിഷൻ പെറ്റീഷൻ, മേൽ വസ്തുതകളുടേയും റിപ്പോർട്ടുകളുടേയും ഹിയറിംഗിൽ ഉന്നയിച്ച വാദങ്ങളുടേയും ബന്ധപ്പെട്ട ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം വിശദമായി പരിശോധിച്ചു.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **4.02.2021** ലെ **SC/02/2020/KKD** നം. ഉത്തരവിൽ നിർദ്ദേശിക്കപ്പെട്ട അച്ചടക്കനടപടികൾ നിർത്തിവെയ്ക്കാൻ നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടാണ് **Exhibit P-5** റിവിഷൻ പെറ്റീഷൻ സമർപ്പിച്ചിട്ടുള്ളതും തുടർന്ന് ബഹു. കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്ത് വിധിയായിട്ടുള്ളതും. കോടതിയുടെ ഉത്തരവിന്റെ പ്രസക്തഭാഗം ഇപ്രകാരമാണ്.

**"................ In view of the aforesaid, the present writ petition is hereby allowed. The impugned order in Exhibit P-7 is set aside and the matter is remanded back to the file of the Government to take a fresh decision on the revision in Exhibit P-5 preferred by the 1st petitioner after giving him an opportunity of hearing, who may appear himself or through his authorised representative. A fresh decision on Exhibit P-5 should be taken within a period of two months from today in accordance with the law".**

പന്തീരാങ്കാവ് ഹയർ സെക്കണ്ടറി സ്കൂളിലെ **2019-20** വർഷത്തെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് **17/09/2019, 03/01/2020** തിയ്യതികളിൽ കോഴിക്കോട് സൂപ്പർചെക്ക് സെൽ പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ രണ്ട് ദിവസവും ഹാജരില്ലാതിരുന്ന **21** വിദ്യാർത്ഥികൾ, ആറാമത്തെ പ്രവർത്തി ദിവസത്തിനുശേഷം റോളിൽ നിന്നും നീക്കം ചെയ്യപ്പെട്ട **11** വിദ്യാർത്ഥികൾ, എന്നിങ്ങനെ താഴെപ്പറയുന്ന ആകെ **32** വിദ്യാർത്ഥികൾ വ്യാജ അഡ്മിഷനാണെന്ന് കണ്ടെത്തുകയുണ്ടായി.

ആറാമത്തെ പ്രവർത്തി ദിവസത്തിനുശേഷം റോളിൽ നിന്നും നീക്കം ചെയ്ത **11** വിദ്യാർത്ഥികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു..

**Table 1**

| ക്രമ നമ്പർ | അഡ്മിഷൻ നമ്പർ | വിദ്യാർത്ഥിയുടെ പേര് | ക്ലാസ് |
|---|---|---|---|
| 1 | 22716 | അരുൺ പ്രസാദ് | 7 B |
| 2 | 22721 | മുനവ്വിർ പി | 8 A |
| 3 | 22728 | ആദികൃഷ്ണ പി വി | 8 A |
| 4 | 22729 | ആദിത്യ ശിവ എൻ.എം | 8 A |
| 5 | 22726 | അഗ്രജ് ടി എസ് | 8 A |

| | | | |
|---|---|---|---|
| 6 | 22724 | ജഗൻ ടി ടി | 8 A |
| 7 | 22727 | കാശിനാഥ് എസ് | 8 A |
| 8 | 22725 | വിഷ്ണു.പി | 8 A |
| 9 | 22843 | മുഹമ്മദ് റാഷിദ് വി പി | 8 C |
| 10 | 22680 | മുഹമ്മദ് റിഷാൻ പി പി | 8 C |
| 11 | 22733 | മിദ്ഗാദ് പി സി | 8 C |

കോഴിക്കോട് സൂപ്പർ ചെക്ക് സെൽ, സ്കൂളിൽ നടത്തിയ പരിശോധനയിൽ രണ്ട് ദിവസവും ഹാജരില്ലായിരുന്ന 21 വിദ്യാർത്ഥികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

**Table 2**

| ക്രമ നമ്പർ | അഡ്മിഷൻ നമ്പർ | വിദ്യാർത്ഥിയുടെ പേര് | ക്ലാസ്സ് |
|---|---|---|---|
| 1 | 22719 | കാശിനാഥൻ ഒ കെ | 6 A |
| 2 | 22658 | സ്യന്ത് കൃഷ്ണ | 6 A |
| 3 | 22659 | സായൂജ് | 6 A |
| 4 | 22597 | ഫാത്തിമ ഷെറിൻ ടി വി | 8 A |
| 5 | 22684 | സൂധീശ് കെ | 8 B |
| 6 | 22619 | അമൽ രാജ് സി എം | 8 B |
| 7 | 22607 | കർത്തിക് സി എം | 8 B |
| 8 | 22734 | സ്ലീവർ സി ബെജു | 8 B |
| 9 | 22731 | ഉമ്മർ മുക്തർ ടി എം | 8 C |
| 10 | 22732 | ഫഹദ് സി പി | 8 C |
| 11 | 22606 | കമർ ഹുസെൻ വി പി | 9 B |
| 12 | 22662 | അഭിജിത്ത് കെ പി | 9 B |
| 13 | 22511 | പ്രജൂൻ കുമാർ | 9 B |
| 14 | 22649 | റിനോദ് ഇ | 9 B |
| 15 | 22635 | വെഷ്ണവ് സി പി | 9 B |
| 16 | 22644 | സനൂഫ് പി | 9 B |
| 17 | 22665 | നബൻ കേ പി | 10 A |
| 18 | 22617 | ആർതി സി | 10 A |
| 19 | 22552 | ഫാത്തിമ അമാന എം | 10 B |
| 20 | 22720 | സെജൽ ഇ | 10 B |
| 21 | 22612 | ശ്യാം പി | 10 B |

തുടർന്ന്, ബന്ധപ്പെട്ട കക്ഷികളെ ഉൾപ്പെടുത്തിക്കൊണ്ട് 20/10/2020 ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ ഓൺലൈനിൽ വാദം കേൾക്കുകയും, പ്രസ്തുത വാദം കേൾക്കലിൽ ബോധ്യമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്കൂളിന്റെ 2019-20 വർഷത്തെ തസ്തിക നിർണ്ണയം 7, 8 ക്ലാസ്സുകളിൽ ഒരോ ഡിവിഷനുകൾ കുറവു ചെയ്തുകൊണ്ട് പുനർനിർണ്ണയിക്കുന്നതിനും,

ഉത്തരവാദികളായ അധ്യാപകരിൽ നിന്നും അച്ചടക്ക നടപടിയുടെ ഭാഗമായി സാമ്പത്തിക ബാധ്യത ഈടാക്കുന്നതിനും 4.2.2021 തീയതിയിലെ SC/02/2020/KKD പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായി.

ആയതിനെതിരെ പ്രധാനാദ്ധ്യാപകൻ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജിയിൽ, സൂപ്പർചെക്ക് പരിശോധനയിൽ കണ്ടെത്തിയ 21 വിദ്യാർഥികൾ സ്കൂളിൽ പഠിച്ചതാണെന്ന പ്രധാനാദ്ധ്യാപകന്റെ വാദത്തിന്റെ അടിസ്ഥാനത്തിൽ പന്തീരാങ്കാവ് ഹയർ സെക്കണ്ടറി സ്കൂളിൽ 24/03/2022-ന് ഒരു പരിശോധന കൂടി നടത്തുകയുണ്ടായി. ടി പരിശോധനയിൽ പ്രാഥമികമായി വ്യാജ അഡ്മിഷനായി കണ്ടെത്തിയ 32 വിദ്യാർത്ഥികളിൽ 18 പേരെ ഒഴിവാക്കി. ലിസ്റ്റ് താഴെ ചേർക്കുന്നു.

**Table 3**

| ക്രമ നമ്പർ | അഡ്മിഷൻ നമ്പർ | വിദ്യാർത്ഥിയുടെ പേര് | ക്ലാസ്സ് |
|---|---|---|---|
| 1 | 22719 | കാശിനാഥൻ ഒ കെ | 6 A |
| 2 | 22658 | സായന്ത് കൃഷ്ണ | 6 A |
| 3 | 22659 | സായൂജ് | 6A |
| 4 | 22597 | ഫാത്തിമ ഷെറിൻ ടി വി | 8A |
| 5 | 22684 | സുധീഷ്.കെ | 8B |
| 6 | 22619 | അമൽ രാജ് സി എം | 8B |
| 7 | 22731 | ഉമ്മർ മുക്തർ ടി എം | 8C |
| 8 | 22606 | കമർ ഹുസൈൻ വി പി | 9B |
| 9 | 22662 | അഭിജിത്ത് കെ പി | 9B |
| 10 | 22511 | പ്രജൂൻ കുമാർ | 9B |
| 11 | 22649 | റിനോദ് ഇ | 9B |
| 12 | 22635 | വൈഷ്ണവ് സി പി | 9B |
| 13 | 22644 | സനൂഫ് പി | 9B |
| 14 | 22665 | നബൻ കെ പി | 10A |
| 15 | 22617 | ആർതി സി | 10A |
| 16 | 22552 | ഫാത്തിമ അമാന എം | 10B |
| 17 | 22612 | ശ്യാം പി | 10B |
| 18 | 22733 | മിശാദ് പി സി | 8C |

കൃത്രിമ അഡ്മിഷനാണെന്ന് കണ്ടെത്തിയ 14 വിദ്യാർത്ഥികളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

**Table 4**

| | | | | | | |
|---|---|---|---|---|---|---|
| | | | 2019-20 | | | ആകെ |

| ക്രമ നമ്പർ | അഡ്മിഷൻ നമ്പർ | പേര് | വർഷത്തിൽ പഠിച്ച ക്ലാസ് | അഡ്മിഷൻ തീയതി | റോളിൽ നിന്ന് നീക്കം ചെയ്ത തീയതി | ഹാജരായ ദിവസങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | 22716 | അരുൺപ്രസാദ് | 7B | 30.05.2019 | 02.07.2019 | 19 |
| 2 | 22721 | മുനവ്വീർ പി | 8A | 02.06.2019 | 19.06.2019 | 10 |
| 3 | 22724 | ജഗൻ ടി.ടി | 8A | 12.06.2019 | 20.06.2019 | 7 |
| 4 | 22725 | വിഷ്ണു.പി | 8A | 12.06.2019 | 01.07.2019 | 14 |
| 5 | 22726 | അഗ്രജ് ടി എസ് | 8A | 12.06.2019 | 01.07.2019 | 14 |
| 6 | 22727 | കാശിനാഥ്.എസ് | 8A | 12.06.2019 | 20.06.2019 | 7 |
| 7 | 22728 | ആദികൃഷ്ണ പി വി | 8A | 12.06.2019 | 25.06.2019 | 10 |
| 8 | 22729 | ആദിത്യശിവ എൻ.എം | 8A | 12.06.2019 | 25.06.2019 | 10 |
| 9 | 22483 | മുഹമ്മജ് റാഷിജ്. വി പി | 8C | 21.05.2016 | 18.06.2019 | |
| 10 | 22680 | മുഹമ്മദ് റിഷാൻ പി.പി | 8C | 07.05.2019 | 18.06.2019 | 9 |
| 11 | 22607 | കാർത്തിക് സി എം | 8B | 03.06.2017 | 10.06.2021 | both days absent |
| 12 | 22734 | സ്ലീവർ സി ബെജൈു | 8B | 19.08.2019 | No date in Admn.Reg. | both days absent |
| 13 | 22732 | ഫബദ് സി പി | 8C | 30.07.2019 | No date in Admn.Reg. | Admitted with No. 22672 also. Date of Admn. 19.06.2018 No date of Leaving both days |

| | | | | | | |
|---|---|---|---|---|---|---|
| 14 | 22720 | സെജൽ ഇ | 10B | 02.06.2019 | No date in Admn.Reg. | absent both days absent |

ഏഴാം ക്ലാസിൽ ഒരു കുട്ടിയുടെയും (ആകെ 36) എട്ടാം ക്ലാസിൽ രണ്ട് കുട്ടികളുടെയും (ആകെ 72) ബലത്തിലാണ് യഥാക്രമം രണ്ട്, മൂന്ന് ഡിവിഷനുകൾ അനുവദിച്ചിരുന്നത്. ഏഴാം ക്ലാസിൽ ഒരു കുട്ടി, 22716 അരുൺപ്രസാദ്, 02/05/2019 ന് അഡ്മിഷൻ നേടിയതായും 02/07/2019 ന് വിടുതൽ വാങ്ങിയതായും കാണുന്നുണ്ട്. ആകെ 19 സാധ്യായ ദിവസങ്ങൾ മാത്രമാണ് ഈ കുട്ടി സ്കൂളിലുണ്ടായിരുന്നത്.

മേൽ ലിസ്റ്റ് പ്രകാരം ക്രമ നം. 3 മുതൽ 8 വരെയുള്ള ആറ് കുട്ടികൾ സരസ്വതി വിദ്യാനികേതൻ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നിന്നും പന്തീരാങ്കാവ് എച്ച്. എസ്. സ്കൂളിലേക്ക് ആറാം പ്രവർത്തി ദിനത്തിന് തൊട്ട് മുൻപായി 12/06/2019 ന് എട്ടാം തരത്തിൽ അഡ്മിഷൻ നേടിയതായും ആറാം പ്രവർത്തി ദിനത്തിന് തൊട്ടു പിന്നാലെ അതേ സ്കൂളിലേക്ക് തന്നെ തിരികെ ടി.സി. വാങ്ങിയതായും കാണുന്നു. മേൽ പറഞ്ഞ കുട്ടികൾ വിരലിലെണ്ണാവുന്ന ദിവസങ്ങൾ മാത്രമാണ് രേഖകൾ പ്രകാരം സ്കൂളിലുണ്ടായിരുന്നത്. ക്രമ നം. 11 മുതൽ 14 വരെയുള്ള കുട്ടികൾ പരിശോധന നടന്ന ദിവസങ്ങളിൽ ഹാജരില്ലായിരുന്നു. ഇവരിൽ ക്രമ നം. 12 മുതൽ 14 വരെയുള്ളവരുടെ വിടുതൽ തീയതി ഇന്നേ വരെ അഡ്മിഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ക്രമ നം. 13 ഫഹദ് സി.പി. എന്ന വിദ്യാർത്ഥി രണ്ട് അഡ്മിഷൻ നമ്പറുകൾ 22672, 22732) പ്രകാരം 19.06.2018, 30.07.2019 തീയതികളിലായി എട്ടാം തരത്തിലേക്ക് തന്നെ രണ്ടു തവണപ്രവേശനം നേടിയതായി കാണുന്നു. എന്നാൽ Date of Leaving അഡ്മിഷൻ രജിസ്റ്ററിൽ ഇന്നേ തീയതി വരെ രേഖപ്പെടുത്തിയിട്ടില്ല. 2016 ലെ ടി.സി. പ്രകാരമാണ് ടി വിദ്യാർത്ഥി 2018 ൽ അഡ്മിഷൻ നേടിയതായി കാണുന്നത്. 2019-20 അധ്യയന വർഷത്തെ ആറാം പ്രവർത്തി ദിനം 13.06.2019 ആണ്. ഏഴാം ക്ലാസിൽ ഒരു കുട്ടിയുടെ ബലത്തിലാണ് രണ്ട് ഡിവിഷനുകൾ അനുവദിച്ചിരുന്നത്. ആകെ 19 സാധ്യായ ദിവസങ്ങൾ മാത്രമാണ് രേഖകൾ പ്രകാരം ഈ കുട്ടി സ്കൂളിലുണ്ടായിരുന്നത്.

എട്ടാം ക്ലാസിൽ രണ്ട് കുട്ടികളുടെ ബലത്തിലാണ് മൂന്ന് ഡിവിഷനുകൾ അനുവദിച്ചിരുന്നത്. ആറാം സാധ്യായ ദിനത്തിന് തൊട്ട് മുൻപ് 12.06.2019 ന് അഡ്മിഷൻ നേടിയ ആറ് കുട്ടികൾ വന്ന അതേ സ്കൂകൂളിലേക്ക് തന്നെ ദിവസങ്ങൾക്കകം തിരികെ പോയതായി കാണുന്നു. രണ്ട് ദിവസവും ഹാജരില്ലാതിരുന്ന നാല് കുട്ടികളിൽ മൂന്ന് പേരുടെയും Date of Leaving അഡ്മിഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഫഹദ് സി.പി. എന്ന വിദ്യാർത്ഥി രണ്ട് അഡ്മിഷൻ നമ്പറുകൾ 22672, 22732) പ്രകാരം 19.06.2018, 30.07.2019 തീയതികളിലായി 8 ◌ാ◌ം തരത്തിലേക്ക് തന്നെ

രണ്ടു തവണ പ്രവേശനം നേടിയതായി കാണുന്നു. എന്നാൽ Date of Leaving അഡ്മിഷൻ രജിസ്റ്ററിൽ ഇന്നേ തീയതി വരെ രേഖപ്പെടുത്തിയിട്ടില്ല. 2016 ലെ ടി സി പ്രകാരമാണ് ടി വിദ്യാർത്ഥി 2018 ൽ അഡ്മിഷൻ നേടിയതായി കാണുന്നത്.

വ്യാജ അഡ്മിഷൻ നടത്തിയതിൽ പങ്കില്ലെന്നും ഇത്തരം കാര്യങ്ങളൊന്നും അറിഞ്ഞിട്ടില്ലെന്നുമുള്ള ചുരുങ്ങിയ വാദം മാത്രമാണ് മാനേജർ നൽകിയിട്ടുള്ളത്. അല്ലാതെ സ്ക്കൂളിലെ വ്യാജ അഡ്മിഷൻ സംബന്ധിച്ചോ, സൂപ്പർ ചെക്ക് സെൽ പരിശോധന സംബന്ധിച്ചോ, അധ്യാപകരുടെ പങ്കാളിത്തത്തെ കുറിച്ചോ മറ്റ് വിശദമായ വാദങ്ങളൊന്നും മാനേജർ സമർപ്പിച്ചിട്ടില്ല. മാനേജറുടെ അറിവില്ലാതെ വ്യാജ അഡ്മിഷൻ സൃഷ്ടിക്കുവാൻ കഴിയില്ല എന്നത് തർക്കമില്ലാത്തതാണ്. നിയമനാധികാരി മാനേജർ ആകുമ്പോൾ വ്യാജ അഡ്മിഷൻ നടത്തിയതിന് മാനേജർക്ക് ബാദ്ധ്യതയുമുണ്ട്. സൂപ്പർ ചെക്ക് ഓഫീസിൽ നിന്നും സ്കൂളിന്റെ അഡ്രസ്സിൽ മാനേജർക്ക് പ്രൊസീഡിംഗ്സ് നൽകിയിട്ടുണ്ട്. 2019-2020 പോലെ 2021-2022 ലും ബോഗസ് അഡ്മിഷൻ കണ്ടെത്തിയിരുന്നതിനാൽ സ്ക്കൂളിൽ വ്യാജ അഡ്മിഷൻ പ്രവണത നിലനിൽക്കുന്നുണ്ട് എന്നതും വസ്തുതയാണ്.

(11) എന്നിരുന്നാലും ക്രമ നം. 14 സെജൻ. ഇ എന്ന വിദ്യാർത്ഥിയെ 1-ാം പെറ്റീഷണറുടേയും അമുത. കെ. ആർ, എച്ച്.എസ്.ടി- (ഗണിതം) ന്റെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും, ക്രമ നം. 12 സ്ലീവർ സി ബെജു. ക്രമ നം. 13 ഫഹദ് സി.പി എന്നീ വിദ്യാർത്ഥികൾ സ്റ്റാഫ് ഫിക്സേഷനിൽ വന്നിട്ടില്ലാത്തതിനാൽ ഈ മൂന്ന് വിദ്യാർത്ഥികളെ വ്യാജ അഡ്മിഷനിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നു.

മുകളിൽ പരാമർശിച്ച 3 വിദ്യാർത്ഥികളെ ഒഴിവാക്കികൊണ്ട്, ഇനിയും കൃത്രിമ അഡ്മിഷനാണെന്ന് ഹിയറിംഗിൽ കണ്ടെത്തിയ 11 (14-3) വിദ്യാർത്ഥികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

**Table 5**

| ക്രമ നമ്പർ | അഡ്മിഷൻ നമ്പർ | പേര് | 2019-20 വർഷത്തിൽ പഠിച്ച ക്ലാസ് | അഡ്മിഷൻ തീയതി | റോളിൽ നിന്ന് നീക്കം ചെയ്ത തീയതി | ആകെ ഹാജരായ ദിവസങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | 22716 | അരുൺപ്രസാദ് | 7B | 30.05.2019 | 02.07.2019 | 19 |
| 2 | 22721 | മുനവ്വീർ പി | 8A | 02.06.2019 | 19.06.2019 | 10 |
| 3 | 22724 | ജഗൻ ടി.ടി | 8A | 12.06.2019 | 20.06.2019 | 7 |
| 4 | 22725 | വിഷ്ണു.പി | 8A | 12.06.2019 | 01.07.2019 | 14 |
| 5 | 22726 | അഗ്രജ് ടി എസ് | 8A | 12.06.2019 | 01.07.2019 | 14 |
| 6 | 22727 | കാശിനാഥ്.എസ് | 8A | 12.06.2019 | 20.06.2019 | 7 |
| 7 | 22728 | ആദികൃഷ്ണ പി വി | 8A | 12.06.2019 | 25.06.2019 | 10 |

| | | | | | | |
|---|---|---|---|---|---|---|
| 8 | 22729 | ആദിത്യശിവ എൻ.എം | 8A | 12.06.2019 | 25.06.2019 | 10 |
| 9 | 22483 | മുഹമ്മജ് റാഷിജ്. വി പി | 8C | 21.05.2016 | 18.06.2019 | |
| 10 | 22680 | മുഹമ്മദ് റിഷാൻ പി.പി | 8C | 07.05.2019 | 18.06.2019 | 9 |
| 11 | 22607 | കാർത്തിക് സി എം | 8B | 03.06.2017 | 10.06.2021 | both days absent |

മേൽ വിവരണത്തിന്റെ അടിസ്ഥാനത്തിൽ, അനധികൃതമായി ഡിവിഷനുകൾ നേടിയെടുക്കാനും നിലനിർത്താനുമായി യഥാർത്ഥത്തിൽ അഡ്മിഷൻ നേടിയിട്ടേയില്ലാത്ത കുട്ടികളെ വ്യാജമായി ആറാം പ്രവർത്തിദിനക്കണക്കിൽ ഉൾ പ്പെടുത്തിയിട്ടുണ്ട്. കൃത്രിമ അഡ്മിഷനാണെന്ന് കണ്ടെത്തിയ ഈ 11 വിദ്യാർത്ഥികളെ മാത്രം റോൾ സ്ട്രെങ്തിൽ നിന്നും ഒഴിവാക്കിയാലും 7, 8 ക്ലാസ്സുകളിലെ ഓരോ ഡിവിഷനുകൾ വീതം റദ്ദാക്കേണ്ടതുണ്ട്.

(12) ആയതിനാൽ കൃത്രിമ അഡ്മിഷനായി മേൽ സൂചിപ്പിച്ച 11 കുട്ടികളെ ഒഴിവാക്കി 2019-20 വർഷത്തെ തസ്തികനിർണ്ണയം പുനർ നിർണ്ണയിച്ച് തുടർനടപടികൾ സ്വീകരിക്കാൻ കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും, ആയതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക ബാധ്യത കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിന് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർക്കും, പുതുക്കിയ തസ്തിക നിർണ്ണയ നടപടികളുടെ അടിസ്ഥാനത്തിൽ ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കേണ്ടവരായ അദ്ധ്യാപകരുണ്ടെന്ന് കാണുന്ന പക്ഷം അവരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും കൂടാതെ മറ്റു അനന്തര നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നിർദ്ദേശം പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും നൽകികൊണ്ട്, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 4.02.2021 ലെ SC/02/2020/KKD നമ്പർ ഉത്തരവിൽ നിർദ്ദേശിക്കപ്പെട്ട അച്ചടക്കനടപടികൾ നിർത്തിവെയ്ക്കാൻ നിർദ്ദേശം നൽകണമെന്ന Exhibit P-5 റിവിഷൻ പെറ്റീഷനിലെ ആവശ്യം നിരസിച്ചുനൽകി, കോഴിക്കോട് ജില്ലയിലെ പന്തീരാങ്കാവ് ഹയർസെക്കന്ററി സ്കൂളിലെ റിട്ടയേഡ് പ്രധാനാധ്യാപകൻ ശ്രീ. വസന്തൻ കെ.വി-യും മറ്റ് 5 അധ്യാപകരും ചേർന്ന് ഫയൽ ചെയ്തിട്ടുള്ള 27108/2023 -ാം നം. റിട്ട് ഹർജിയിന്മേലുള്ള 18.06.2025 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്ക്കർ
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്
സൂപ്പർ ചെക്ക് സെൽ ഓഫീസർ, സൂപ്പർ ചെക്ക് സെൽ (മലബാർ മേഖല), സിവിൽ സ്റ്റേഷൻ, കോഴിക്കോട്-20
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോഴിക്കോട്
ശ്രീ. വസന്തൻ കെ വി, (റിട്ട. ഹെഡ്മാസ്റ്റർ), ശ്രീപാദം, പോക്കുന്ന് പി ഓ, കോഴിക്കോട് - 673007
മാനേജർ , പന്തീരാങ്കാവ് ഹയർസെക്കന്ററി സ്ക്കൂൾ, പന്തീരാങ്കാവ്, കോഴിക്കോട്-673019
പ്രധാനാധ്യാപകൻ, പന്തീരാങ്കാവ് ഹയർസെക്കന്ററി സ്ക്കൂൾ, പന്തീരാങ്കാവ്, കോഴിക്കോട്-673019
ശ്രീ. മനോജ് കുമാർ കെ പി, എച് എസ് ടി (മലയാളം), പന്തീരാങ്കാവ് എച് എസ് എസ്, പന്തീരാങ്കാവ് പി ഓ, കോഴിക്കോട് - 673019
ശ്രീ. ദിൽജോ എം, എച് എസ് ടി (ഇംഗ്ലീഷ്) , പന്തീരാങ്കാവ് എച് എസ് എസ്, പന്തീരാങ്കാവ് പി ഓ, കോഴിക്കോട് - 673019
ശ്രീ. അക്ബർ പഴേടത്ത്, എച് എസ് ടി (അറബിക്), പന്തീരാങ്കാവ് എച് എസ് എസ്, പന്തീരാങ്കാവ് പി ഓ, കോഴിക്കോട് - 673019
ശ്രീമതി. പുഷ്പലത എസ് എം, D/o വേലായുധൻ, " കമൽ", പന്തീരാങ്കാവ് പി ഓ, കോഴിക്കോട് - 673019
ശ്രീമതി. ഗീതാകുമാരി ജെ, യു പി എസ് ടി, പന്തീരാങ്കാവ് എച് എസ് എസ്, പന്തീരാങ്കാവ് പി ഓ, കോഴിക്കോട് - 673019
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Asha Rani M സെക്ഷൻ ഓഫീസർ
Date: 06-10-2025 11:08:43